**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** **08-10-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri.V. Abdurahiman**<br>**(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിലെ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, കണിച്ചുകുളങ്ങര ഹയർ സെക്കൻണ്ടറി സ്കൂൾ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, കണിച്ചുക്കുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ആലപ്പുഴ 2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ ജില്ലാ സ്റ്റേഡിയമായ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 12 ഏക്കർ ഭൂമിയിലാണ് നിർമ്മിക്കുന്നത്. പദ്ധതിയുടെ ഭാഗമായി നാച്ചറൽ ഫുട്ബോൾ ടർഫ് (105 x 68 മീറ്റർ), 8 ലൈൻ 400 മീറ്റർ അത്ലറ്റിക് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, 2 പവലിയൻ ബിൽഡിംഗുകൾ, സിമ്മിംഗ് പൂൾ (25 x 12.5 മീറ്റർ) എന്നീ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സിവിൽ നിർമ്മാണ പ്രവൃത്തികൾ മഠത്തിൽ എൻറർപ്രൈസെസ്സ് എന്ന കമ്പനി മുഖേനയാണ് നടത്തി വരുന്നത്. നിലവിൽ സിവിൽ പ്രവൃത്തികൾ 55% പൂർത്തിയായിട്ടുണ്ട്. പവലിയൻ ബിൽഡിംഗുകൾ ഫിനിഷിംഗ് ഘട്ടത്തിലാണ്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സിന്തറ്റിക് ട്രാക്കിന്റെ ടെൻഡർ നടപടികൾ നടന്നു വരികയാണ്. കൂടാതെ മാപ്പിൾവുഡ് ഫ്ളോറിംഗ് പ്രവൃത്തിക്കായുള്ള ടെൻഡർ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം 2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5.75 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സെവൻസ് ഫുട്ബോൾ ടർഫ്, 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്കൂൾ |

| | | | |
|---|---|---|---|
| | | | ബിൽഡിംഗ്, മൾട്ടിപർപ്പസ് കോർട്ട് എന്നിവയാണ് നിർമ്മിക്കുന്നത്. നിലവിൽ സെവൻസ് ഫുട്ബോൾ ടർഫ്, സ്കൂൾ ബിൽഡിംഗ്, ഫിറ്റനസ് സെൻറർ എന്നിവ ഉൾപ്പെടുന്ന സിവിൽ എം.ഇ. പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളിൽ ഉൾപ്പെടുന്ന 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, മൾട്ടിപർപ്പസ് കോർട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മഴ കാരണം സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 5 കോടി രൂപ 2019 - 20 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ വകയിരുത്തിയിരുന്നു. ആയത് കായിക വകുപ്പിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ ആർക്കിടെക്ച്ചറൽ പ്ലാൻ തയ്യാറാക്കുകയും എൽ.ബി.എസ് കോളേജ് മുഖാന്തിരം മണ്ണ് പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് ലഭിക്കാൻ വൈകിയത് മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിട്ടിരുന്നു. ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ; | (ബി) | ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം, പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം, കണിച്ചുകുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ആലപ്പുഴ 2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള ആലപ്പുഴ ജില്ലാ സ്റ്റേഡിയമായ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 12 ഏക്കർ ഭൂമിയിലാണ് നിർമ്മിക്കുന്നത്. പദ്ധതിയുടെ ഭാഗമായി നാചറൽ ഫുട്ബോൾ ടർഫ് (105 x 68 മീറ്റർ), 8 ലൈൻ 400 മീറ്റർ അത്ലറ്റിക് ട്രാക്ക്, ഇൻഡോർ സ്റ്റേഡിയം, 2 പവലിയൻ ബിൽഡിംഗുകൾ, സിമ്മിംഗ് പൂൾ (25 x 12.5 മീറ്റർ) എന്നീ സൗകര്യങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. സിവിൽ നിർമ്മാണ പ്രവൃത്തികൾ മഠത്തിൽ |

| | | | |
|---|---|---|---|
| | | | എൻറർപ്രൈസെസ്സ് എന്ന കമ്പനി മുഖേനയാണ് നടത്തി വരുന്നത്. നിലവിൽ സിവിൽ പ്രവൃത്തികൾ 55% പൂർത്തിയായിട്ടുണ്ട്. പവലിയൻ ബിൽഡിംഗുകൾ ഫിനിഷിംഗ് ഘട്ടത്തിലാണ്. പ്രവൃത്തിയുടെ ഭാഗമായി നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ള സിന്തറ്റിക് ട്രാക്കിന്റെ ടെൻഡർ നടപടികൾ നടന്നു വരികയാണ്. കൂടാതെ മാപ്പിൾവുഡ് ഫ്ളോറിംഗ് പ്രവൃത്തിക്കായുള്ള ടെൻഡർ ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്. പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം 2016-17 ബഡ്ജറ്റിലെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ള പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 5.75 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം ലഭിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സെവൻസ് ഫുട്ബോൾ ടർഫ്, 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, സ്കൂൾ ബിൽഡിംഗ്, മൾട്ടിപർപ്പസ് കോർട്ട് എന്നിവയാണ് നിർമ്മിക്കുന്നത്. നിലവിൽ സെവൻസ് ഫുട്ബോൾ ടർഫ്, സ്കൂൾ ബിൽഡിംഗ്, ഫിറ്റനസ് സെൻറർ എന്നിവ ഉൾപ്പെടുന്ന സിവിൽ എം.ഇ. പ്രവൃത്തികൾ 95% പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സ്പോർട്സ് ഫ്ളോറിംഗ് പ്രവൃത്തികളിൽ ഉൾപ്പെടുന്ന 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, മൾട്ടിപർപ്പസ് കോർട്ട് എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. മഴ കാരണം സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട്. കണിച്ചുക്കുളങ്ങര ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം കണിച്ചുക്കുളങ്ങര ഹയർ സെക്കന്ററി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 5 കോടി രൂപ 2019 - 20 ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡിൽ വകയിരുത്തിയിരുന്നു. ആയത് കായിക വകുപ്പിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിന്റെ ആർക്കിടെക്ച്ചറൽ പ്ലാൻ തയ്യാറാക്കുകയും എൽ.ബി.എസ് കോളേജ് മുഖാന്തിരം മണ്ണ് പരിശോധന പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ട് ലഭിക്കാൻ വൈകിയത് മൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിട്ടിരുന്നു. ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ആലപ്പുഴ രാജാ കേശവദാസ് നീന്തൽകുളം | (സി) | 1995 കാലയളവിൽ നിർമ്മാണം പൂർത്തീകരിച്ച |

| | | | |
|---|---|---|---|
| | നിർമ്മാണത്തിലെ സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | രാജാ കേശവദാസ് നീന്തൽക്കുളത്തിന്റെ നവീകരണ പ്രവൃത്തികളാണ് കായികയുവജന കാര്യാലയം മുഖേന നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി പൂൾ ഡെക്ക് ഏര്യയുടെ ടൈലുകൾ പതിപ്പിക്കൽ, ടോയലൈറ്റ്, വിശ്രമമുറികളുടെ നവീകരണം, യാർഡ് നവീകരണം, പൂൾ ലൈറ്റിംഗ്, പൂൾ ഉപകരണങ്ങൾ എന്നിവയാണ് പൂർത്തീകരിച്ചിരുന്നത്. പ്രവൃത്തിയുടെ ഭാഗമായി ഫിൽട്രേഷൻ പ്ലാന്റിന്റെ പ്രവർത്തന ക്ഷമത പരിശോധിക്കുന്നതിലേക്കായി നീന്തൽക്കുളത്തിൽ വെള്ളം നിറച്ചപ്പോൾ നിലവിലുള്ള പഴയ ഓവർഫ്ളോ ചാനലുകളിൽ ലീക്കേജ് കണ്ടെത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച ലീക്കേജ് പരിഹരിച്ച് സ്വിമ്മിംഗ് പൂൾ ഉടൻ പ്രവർത്തന സജ്ജമാക്കാനാകുമെന്നാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ